സ.ഉ.(സാധാ) നം.2420/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - കളമശ്ശേരി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - താക്കീത് നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.2420/2022/LSGD തീയതി,തിരുവനന്തപുരം, 07-10-2022

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.10.2012 തീയതിയിലെ ഇ7(എസ്.സി.2/2012/സി.ആർ.ഇ)(എ)11244/2012 നമ്പർ കത്ത്.
2. 22.05.2021 തീയതിയിലെ ഇയു2-63/2014/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 23.09.2022തീയതിയിലെ ഡി.യു.എ/5680/2022/വി3നമ്പർ റിപ്പോർട്ട്.

ഉത്തരവ്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഓപ്പറേഷൻ ടു ടയർ എന്ന നാമധേയത്തിൽ കളമശ്ശേരി നഗരസഭയിൽ 27.02.2012-ൽ നടത്തിയ മിന്നൽ പരിശോധയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ഡി. ബിജു, 7 അപേക്ഷകളിന്മേലും ശ്രീ. എൻ. ഡി. സുധീർ 13 അപേക്ഷകളിന്മേലും ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. സജിമോൻ കെ. വർഗ്ഗീസ് 14 അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിരുന്നില്ലെന്നും ആയതിന് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. എം. പി. സാബുവിന്റെ ഭാഗത്തു നിന്നും മേൽനോട്ടക്കുറവ് സംഭവിച്ചെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 പ്രകാരം ബന്ധപ്പെട്ട ജീവനക്കാർക്ക് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരമുള്ള തുടർനടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ അറിയിക്കുന്നതിന് മെമ്മോ നൽകിയിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ ടിയാളുകൾ നൽകിയ വിശദീകരണത്തിന്മേലുള്ള നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ഡി. ബിജു, ശ്രീ. എൻ. ഡി. സുധീർ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. സജിമോൻ കെ. വർഗ്ഗീസ് എന്നിവർക്കെതിരേ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം അച്ചടക്കനടപടി ആരംഭിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രിക-യ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച മറുപടി പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനയിൽ നടപടി സ്വീകരിക്കാതിരുന്നതായി കണ്ടെത്തിയ അപേക്ഷകളിൽ കൃത്യമായ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കി കുറ്റവിമുക്തനാക്കണമെന്ന് ശ്രീ. സജിമോൻ കെ. വർഗ്ഗീസ്, ശ്രീ. എൻ. ഡി സുധീർ, ശ്രീ. ഡി. ബിജു എന്നിവരുടെ മറുപടിയിൽ അപേക്ഷിച്ചിരുന്നു.

3. ഇക്കാര്യത്തിൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ നേരിട്ട് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, കളമശ്ശേരി നഗരസഭയിൽ പരിശോധന നടത്തിയതിൽ ബന്ധപ്പെട്ട ഫയൽ കണ്ടെടുക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും നഗരസഭയിലെ ആരോഗ്യ നഗരാസൂത്രണ വിഭാഗം കഴിഞ്ഞ 7 വർഷത്തിനുള്ളിൽ 3 പ്രാവശ്യം കെട്ടിട മാറ്റം നടത്തിയതിനാൽ കൈമോശം സംഭവിച്ചതായിരിക്കാം എന്നാണ് നഗരസഭയിൽ നിന്നും ലഭ്യമായ വിവരമെന്നും, ശ്രീ. എൻ.ഡി. സുധീർ, ശ്രീ സജിമോൻ കെ. വർഗ്ഗീസ് എന്നിവരെ നേരിൽ കേട്ടതിൽ വിജിലൻസ് പരാമർശമുള്ള ഫയലുകൾ തീർപ്പുകൽപ്പിച്ചിരുന്നതായും ആയതിൽ പെന്റിംഗ് യാതൊന്നും ഇല്ലെന്ന് നേരിട്ട് ടിയാന്മാർ ബോധിപ്പിച്ചിട്ടുള്ളതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്നു. കളമശ്ശേരി നഗരസഭാ സെക്രട്ടറി ഓഫീസ് രേഖകൾ പരിശോധിച്ച് ടി വിഷയത്തിന്മേൽ യാതൊരു പെന്റിംഗ്രം ഇല്ലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. താരതമ്യേന ജോലിഭാരം കൂടുതലായ കളമശ്ശേരി നഗരസഭയിൽ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുമ്പോൾ പാലിക്കേണ്ട ഫയൽ നടപടി ക്രമം പൂർണ്ണമായും പാലിക്കാത്തത് ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ആരോപണ വിധേയരായ ജീവനക്കാരിൽ ശ്രീ. എം. പി. സാബു 31.03.2014 ൽ അങ്കമാലി നഗരസഭയിൽ നിന്ന് ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ചിട്ടുള്ളതാണ് എന്നും ശ്രീ. എൻ. ഡി. സുധീർ, ശ്രീ. സജിമോൻ കെ. വർഗ്ഗീസ്, ശ്രീ. ബിജു എന്നീ ജീവനക്കാർ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി യഥാക്രമം കൊച്ചി, ചങ്ങനാശ്ശേരി, കുത്താട്ടുകുളം നഗരസഭകളിൽ സേവനമനുഷ്ഠിച്ച് വരുന്നതുമാണ് എന്നും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 34 ഫയലുകളിന്മേൽ വിജിലൻസ് പരിശോധനയ്ക്ക് ശേഷമാണ് നടപടിക്രമങ്ങൾ പാലിച്ച് തീർപ്പുകൽപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയതെന്നതിനാലും നഗരസഭയിൽ ലഭ്യമാക്കുന്ന അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കുമ്പോൾ പാലിക്കേണ്ട ഫയൽ നടപടിക്രമം പൂർണ്ണമായും പാലിക്കാത്തത് ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് കൊച്ചി നഗരകാര്യ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാലും ആരോപണവിധേയരായ ജീവനക്കാർക്കെതിരെ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

5. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, കൊച്ചി നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടരുടെ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവപ്രകാരം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കളമശ്ശേരി നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി, 31.03.2014 ൽ അങ്കമാലി നഗരസഭയിൽ നിന്ന് ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ചിട്ടുള്ള ശ്രീ. എം. പി. സാബുവിനെതിരായ തുടർനടപടികൾ ഒഴിവാക്കിയും, രണ്ടാം ഗ്രേഡ് ജൂനിയർ

സ.ഉ.(സാധാ) നം.2420/2022/LSGD

ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ഡി. ബിജു, ശ്രീ. എൻ. ഡി. സുധീർ,ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. സജിമോൻ കെ. വർഗ്ഗീസ് എന്നിവർക്ക് മേലിൽ വീഴ്ചയുണ്ടാകാതിരിക്കുന്നതിന് താക്കീത് നൽകിയും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 10-10-2022 15:07:55
സെക്ഷൻ ഓഫീസർ